
June 2001


# KERALA PRIVATE COLLEGE TEACHER




THE ALL KERALA PRIVATE COLL...

June 2001

# KERALA PRIVATE COLLEGE TEACHER




THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION




അഹിന്ദി പ്രദേശത്തെ മികച്ച എഴുത്തുകാർക്കുള്ള ദേശീയ അവാർഡ് പയ്യന്നൂർകോളജ് ഹിന്ദിവിഭാഗത്തിലെ അധ്യാപകനായ കാഞ്ഞങ്ങാട് സൗത്ത് സ്വദേശിയായ ചിററയിക്കുന്നോൻ പുതിയ വീട്ടിൽ വിജയകുമാറിന് മാർച്ച് 2 നു ഡൽഹിയിൽ പ്രധാനമന്ത്രിയുടെ വസതിയിൽ ചേർന്ന യോഗത്തിൽ പ്രധാനമന്ത്രി സമ്മാനിക്കുന്നു.

പൊന്നാടയും, പ്രശസ്തിപത്രവും, ഫലകവും അരലക്ഷം രൂപയുമടങ്ങുന്ന അവാർഡ് ഡോ. വിജയകുമാറിന്റെ "കേരൾ: ദശാ ഏവാ ദിശായേം" എന്ന ഗ്രന്ഥത്തിനാണ് ലഭിച്ചത്.

രണ്ടായിരാമാണ്ടിന്റെ ഈ ദേശീയ ബഹുമതിയ്ക്ക് മലയാളിയായ ഡോ. വിജയകുമാറിനു പുറമെ അസമിയ, മറാത്തി, ബംഗ്ലാ, പഞ്ചാബി, ഒറിയ, കന്നട, തമിഴ് എന്നീ ഭാഷകളിലെ തിരഞ്ഞെടുക്കപ്പെട്ട എഴുത്തുകാർക്കും ലഭിക്കുകയുണ്ടായി.

ഡോ. വിജയകുമാറിന് നേരത്തേ " രാഷ്ട്ര ഭാഷാ രത്ന്" എന്ന ബഹുമതിയും ഹിന്ദി സാഹിത്യസമ്മേളൻ, അലഹബാദ് നൽകുകയുണ്ടായി. ■



## ഡോ. ബി. ജയചന്ദ്രന് അവാർഡ്

സംസ്ഥാനത്തെ മികച്ച കോളജ് അധ്യാപകനുള്ള പ്രൊഫ. എസ്. ശിവപ്രസാദ് ഫൗണ്ടേഷൻ അവാർഡിനു വർക്കല എസ്. എൻ. കോളേജിലെ ഊർജ്ജതന്ത്ര വിഭാഗം മേധാവി ഡോ. ബി. ജയചന്ദ്രൻ അർഹനായി.

10,001 രൂപയും ശിൽപവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. ഇദ്ദേഹം ജൂൺ 4-8, 2001 ബോസ്ററൺ കോളജിൽ (യു.എസ്.എ) നടന്ന International Beacon Satellite Symposium ത്തിലും International Space Weather Workshop on Communication and Navigation Signals ൽ പങ്കെടുത്ത് ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി.

എ. കെ. പി. സി.ടി. എ. യുടെ അഭിനന്ദനങ്ങളും ആശംസകളും

AKPCTA

KERALA PRIVATE COLLEGE TEACHER

MONTHLY JOURNAL OF THE AKPCTA

NO. 164 June. 2001

EDITORIAL BOARD

Chief Editor
**K. Jagannathan Nair**

Managing Editor
**S. Jayaraj Kumar**

Assistant Editor
**V. Jayakumar**

Members
Thomas Joseph
A. Prathapachandran Nair
V. Rajagopalan
M.P. Vijayalekshmi
K. Sasidharan
T.N. Manoharan
K.S. Pavithran
Dr. R.B. Rajalekshmi
M. Shahul Hammed
J. Raju
G.S. Suresh
Mathew J. Muttath
M. S. V...antha Kumar
M.D. Ratheesh Kumar
Dr. C. R. Prasad
Dr. K. H. Subramanian

Cover design
Karakkamandapam Vijayakumar

എഡിറ്റോറിയൽ

# ഭരണം എന്തും ചെയ്യാനുള്ള ലൈസൻസല്ല

വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കാൻ പോകുന്ന പരിഷ്കാരങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ പുതിയ ഗവൺമെന്റിന്റെ വക്താക്കളിൽ നിന്നും ഉണ്ടായത് പത്രങ്ങളിൽ കാണുകയുണ്ടായി. അവയിൽ ചിലതിനുള്ള പ്രതികരണങ്ങളും മാധ്യമങ്ങളിൽ വന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസമേഖലയിലും പൊതുവിദ്യാഭ്യാസരംഗത്തും കേരളം സ്വീകരിച്ചിട്ടുള്ള മാതൃകാപരമായ സമീപനങ്ങളുടെ ഗുണഫലങ്ങൾ കണ്ടു തുടങ്ങിയ കാലഘട്ടത്തിലാണ് കേരളത്തിൽ ഒരു ഭരണമാററം ഉണ്ടായത്. വിദ്യാഭ്യാസം കമ്പോളവൽക്കരിക്കാനുള്ള കേന്ദ്രനയത്തിന്റെ ചുവടു പിടിച്ച് കേരളത്തിലും പരിഷ്കാരങ്ങൾ വരുത്താനുദ്ദേശിക്കുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങളാണ് ഇതിനകം വാർത്തകളിലൂടെ വന്നിട്ടുള്ളത്.

ഒരു സമൂഹത്തിന്റെ സമസ്തമേഖലയിലുമുള്ള പുരോഗതിയുടെ പ്രാണവായുവാണ് വിദ്യാഭ്യാസം. സാമൂഹ്യ നീതിയും ഗുണനിലവാരവും ഉറപ്പുവരുത്തുന്ന തീരുമാനമാണ് ഈ രംഗത്ത് ഉണ്ടാകേണ്ടത്. സമ്പന്നന്റെ താല്പര്യം സംരക്ഷിക്കപ്പെടുമ്പോൾ ദരിദ്രന്റെ താല്പര്യം ഹനിക്കപ്പെടരുത്. ജനതയെ എല്ലാ വിധത്തിലുമുള്ള അന്ധകാരത്തിൽ നിന്നും പുരോഗതിയുടെ ജ്യോതിസിലേക്ക് നയിക്കാൻ വിദ്യാഭ്യാസത്തിന് കഴിയണം. ഈ ലക്ഷ്യം നേടുന്നതിന് വേണ്ടിയുള്ള മുതൽ മുടക്ക് ഗവൺമെന്റുകൾ ഒരു ബാധ്യതയായി കാണാൻ പാടില്ല.

സാർവ്വത്രികമായ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്ക് വേണ്ടി പോരാടിയ ചരിത്രം കേരളീയർക്കുണ്ട്. പ്രൊഫ.മുണ്ടശ്ശേരി, ശ്രീ.സി. എച്ച്.മുഹമ്മദ്കോയ തുടങ്ങിയവർ ഈ ചരിത്രത്തിന്റെ താളുകൾക്ക് വർണ്ണം പകർന്നവരാണ്.

വിവേകവും, ഔചിത്യവും, ദീർഘദർശനവും വിദ്യാഭ്യാസ നയരൂപീകരണത്തിൽ അനിവാര്യമാണ്. ലാഭേച്ഛയും, സ്ഥാപിത താല്പര്യവും ഭാവിതലമുറയെ അപകടപ്പെടുത്തും.

പുതിയ ഗവൺമെന്റിന്റെ ചില നടപടികൾ കേരളത്തിലെ അദ്ധ്യാപകരിലും, വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക ജനിപ്പിക്കുന്ന തരത്തിലുള്ളതാണ്. കോളജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയപ്പോഴുണ്ടായിട്ടുള്ള അധികം അദ്ധ്യാപകരിൽ ഒരാളെപ്പോലും നിർബന്ധപൂർവ്വം സ്കൂളിലേക്ക് അയയ്ക്കില്ലെന്ന 18 - 2 - 2001 ലെ മുൻ ഗവൺമെന്റിൻെറ ഉത്തരവ് അട്ടിമറിക്കാനുള്ള നീക്കങ്ങൾ ഗർഭ ഗൃഹത്തിൽ നടന്നുകൊണ്ടിരിക്കുന്നു എന്ന് അദ്ധ്യാപകർ ന്യായമായും സംശയിക്കുന്നു. പ്ലസ്ടു നിയമനത്തിന് നിശ്ചയിച്ചിരുന്ന കമ്മിററിയുടെ ഘടനയിൽ നിന്നും ഗവൺമെന്റ് നോമിനിയെ പിൻവലിച്ചതും, നിയമനത്തിന് എലിജിബിലിററി ടെസ്റ്റ് ഒഴിവാക്കിയതും, വിദ്യാഭ്യാസ കച്ചവടക്കാരെ പ്രീണിപ്പിക്കാനും, അഴിമതിക്ക് ആക്കം കൂട്ടാനുമാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ഒഴിവാക്കി ഉയർന്ന സാമ്പത്തികശേഷിയുള്ള വരെ നിയമിക്കാനുള്ള ഗൂഢലക്ഷ്യം ഈ തീരുമാനത്തിലുണ്ട്.

പ്രഗത്ഭരായ അദ്ധ്യാപകരുടേയും വിദ്യാഭ്യാസ ചിന്തകരുടേയും നേതൃത്വത്തിൽ സ്കൂൾ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന് നടത്തിയ പരിശ്രമവും, അതിന് ചെലവിട്ട സമ്പത്തും, അച്ചടിപൂർത്തിയാക്കിയ പുസ്തകങ്ങളും ഉപേക്ഷിച്ചിട്ട് ദശാബ്ദങ്ങൾക്ക് മുൻപുള്ള പാഠപുസ്തകം പഠിച്ചാൽ മതിയെന്ന തീരുമാനം പ്രാകൃതമാണ്.

വിദ്യാഭ്യാസമന്ത്രിയുടെ കസേരയിലിരിക്കുന്നയാൾ ആരായാലും സ്കൂൾ മാനേജരുടെ ഭാഷയിൽ ചിന്തിക്കരുത്. എന്തിനും മുൻ ഗവൺമെന്റിനെ പഴി പറഞ്ഞതുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമാവില്ല. ഗവൺമെന്റിന്റെ വിദ്യാഭ്യാസനയമെന്താണെന്ന് പ്രഖ്യാപിക്കുകയും ജനങ്ങളുടെ അംഗീകാരത്തോടുകൂടി അത് നടപ്പിലാക്കുകയുമാണ് വേണ്ടത്. വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും തെരുവിലിറക്കുന്ന തീരുമാനങ്ങൾ ഗവമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല. തെററായ തീരുമാനങ്ങളെടുക്കാനുള്ള ലൈസൻസല്ല ഭരണമെന്ന് സമചിത്തതയോടെ ഓർക്കുക. ■

## എ.കെ.പി.സി.ടി.എ 43-ാം സംസ്ഥാനസമ്മേളനം

# സംഘശക്തിയുടെ മുന്നേററം

### പ്രതിനിധിസമ്മേളനം, സെമിനാറുകൾ, യാത്രയയപ്പ്, ശക്തിപ്രകടനം, പൊതുസമ്മേളനം




കേരളത്തിലെ പ്രൈവററ് കോളജധ്യാപകരുടെ ഏററവും വലിയ സംഘടിത പ്രസ്ഥാനമാണ് എ.കെ.പി.സി.ടി.എ. മാനേജർമാരുടെയും സർക്കാരുകളുടേയും മുന്നിൽ അടിമകളെപ്പോലെ കഴിഞ്ഞിരുന്ന അധ്യാപകരിൽ അവകാശബോധം വളർത്തിയെടുക്കാനും, നിരന്തരമായ പോരാട്ടങ്ങളിലൂടെ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞതാണ് ഈ സംഘടനയുടെ ചരിത്രം. അധ്യാപകരെ പിരിച്ചുവിടുന്നതും സ്ഥലം മാററുന്നതും മാനേജർമ്മാർ ജന്മാവകാശം പോലെ കരുതിയിരുന്ന കാലമുണ്ടായിരുന്നു. എ.കെ.പി.സി.ടി.എയുടെ ത്യാഗോജ്ജ്വല സമരങ്ങളാണ് ഈ അവസ്ഥ മാററിയെടുത്തത്. സേവനസ്ഥിരതയും, പാരിററിയും, ഡയറക്ട്പേമെന്റും യു.ജി.സി. സ്കെയിലും നേടിയെടുക്കാൻ വർഷങ്ങളുടെ പോരാട്ടം വേണ്ടിവന്നു. പ്രീഡിഗ്രി വേർപെടുത്തലിന്റെ ഈ കാലഘട്ടത്തിൽ ഒരൊററ അധ്യാപകനും ഒരു പോറൽ പോലും ഏൽക്കാതെ കോളജുകളിൽ സംരക്ഷിച്ചു നിർത്താൻ സംഘടനയ്ക്കു കഴിഞ്ഞതിന്റെ ആവേശവുമായിട്ടാണ് ആലപ്പുഴയിൽ എ.കെ.പി.സി.ടി. എ പ്രവർത്തകർ 43-ാം സംസ്ഥാന സമ്മേളനത്തിനെത്തിയത്. തൊഴിലാളി വർഗത്തിന്റെ ഈററില്ലമാണ് ആലപ്പുഴ. വയലാർ-പുന്നപ്രസമരങ്ങളുടെ രണസ്മരണകൾ! 2001 ഫെബ്രുവരി 16,17, 18 തീയതികളിൽ ആലപ്പുഴ ടൗൺഹാൾ കേരളത്തിന്റെ തെക്കേ അററം മുതൽ വടക്കേ അററം വരെയുള്ള കോളജധ്യാപകരെ കൊണ്ടു നിറഞ്ഞു. സൗഹൃദംപുതുക്കൽ, സ്നേഹാന്വേഷണങ്ങൾ, പുതിയ ശമ്പളപരിഷ്കാര പ്രശ്നങ്ങൾ പ്രീഡിഗ്രി ഡീലിങ്കിംഗ്..... ഒററയ്ക്കും കൂട്ടായുമുള്ള അന്വേഷണങ്ങളും ചർച്ചകളും.





വാർഷിക റിപ്പോർട്ടിന്റെ വിശകലനവും വിലയിരുത്തലുമായി 15-ാം തീയിതി പ്രവർത്തകസമിതിയും 16ന് രാവിലെ സംസ്ഥാന കമ്മിററിയും തുടർന്ന് സംസ്ഥാന കൗൺസിലും നടന്നു. സംഘടനയുടെ ഇപ്പോഴത്തെ അംഗസംഖ്യ 4017 ആണ്. പത്തംഗങ്ങൾക്ക് ഒന്ന് എന്ന കണക്കിനാണ് സംസ്ഥാന കൗൺസിൽ പ്രതിനിധികൾ പങ്കെടുക്കുന്നത്. ജനറൽ സെക്രട്ടറി അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും ട്രഷററുടെ വരവ് ചെലവ് കണക്കും സമ്മേളന പ്രതിനിധികൾ സർവ്വകലാശാലാടിസ്ഥാനത്തിൽ തിരിഞ്ഞ് ചർച്ചചെയ്തു. നേട്ടങ്ങളോടൊപ്പം കോട്ടങ്ങളും വിലയിരുത്തപ്പെട്ടു. കൂടുതൽ കരുത്തോടെ സംഘടനാപ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുള്ള വിലപ്പെട്ട നിർദ്ദേശങ്ങൾ പ്രതിനിധികൾ അവതരിപ്പിക്കുന്നത് ഇത്തരം ഗ്രൂപ്പ് ചർച്ചകളിലാണ്. ഗ്രൂപ്പ് ലീഡർ ഈ ചർച്ചകൾ ക്രോഡീകരിച്ച് സമാപനദിവസം നടന്ന പൊതുചർച്ചയിൽ അവതരിപ്പിച്ചു.

## ഉദ്ഘാടന സമ്മേളനം : വി. എസ്

സമ്മേളനത്തിലെ തിരക്കേറിയ ദിവസം ഫെബ്രുവരി 17 ആയിരുന്നു. പതാക ഉയർത്തൽ, ഉദ്ഘാടനം, വിദ്യാഭ്യാസ - സംസ്കാരിക സമ്മേളനവും ആർ. ആർ.സി. എൻഡോവ്മെന്റ് പ്രഭാഷണവും, വൈകിട്ട് പ്രകടനം, പൊതുസമ്മേളനം..... അന്നത്തെ പരിപാടികൾ നീണ്ടുപോയി.

രാവിലെ പ്രതിനിധികളുടെ രജിസ്ട്രേഷൻ നടന്നു. തുടർന്ന് പതാക ഉയർത്തൽ. ആവേശോജ്വലമായ മുദ്രാവാക്യങ്ങൾ മുഴങ്ങി നിന്ന അന്തരീക്ഷത്തിൽ സംഘടനാ പ്രസിഡന്റ് പ്രൊഫ.ജോയ് ജോബ് കുളവേലി, പ്രൊഫ.വി.രമേഷ്ചന്ദ്രൻ നഗറിൽ (ടൗൺഹാൾ) പതാക ഉയർത്തി. തുടർന്ന് രക്തസാക്ഷി മണ്ഡപത്തിൽ പ്രതിനിധികളുടെ പുഷ്പാർച്ചന. കെ.പി.എ..സി. ഗാനമേള ട്രൂപ്പിന്റെ അഭിവാദന ഗാനത്തോടെയാണ് സമ്മേളന നടപടികൾ ആരംഭിച്ചത്. പ്രസിഡന്റ് അധ്യക്ഷത വഹിച്ചു. പ്രൊഫ.പി.ഡി.ശശിധരൻ രക്തസാക്ഷി, അനുശോചന പ്രമേയങ്ങൾ അവതരിപ്പിച്ചു. സ്വാഗതസംഘം ചെയർമാൻ സ.കെ.വി.ദേവദാസ് 43-ാം സംസ്ഥാന സമ്മേളനം വിജയിപ്പിക്കാനെത്തിയിരിക്കുന്ന എല്ലാവർക്കും സ്വാഗതം പറഞ്ഞു.

പ്രീഡിഗ്രി ഡീലിങ്കിങ്ങിന്റെ പശ്ചാത്തലത്തിലും മുഴുവൻ കോളജധ്യാപകരേയും സംരക്ഷിക്കാനും സ്കീം-സ്കെയിൽ വ്യത്യാസങ്ങൾ ഇല്ലാതാക്കി ഒററ വിഭാഗമാക്കി മാററാനും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപടികൾ സ്വീകരിച്ച സാഹചര്യത്തിൽ നടക്കുന്ന ഈ സംസ്ഥാന സമ്മേളനത്തിന് വളരെയേറെ പ്രാധാന്യമുണ്ടെന്ന് പ്രസിഡന്റ് പ്രൊഫ.ജോയ്ജോബ് കുളവേലി അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. എന്നാൽ കേന്ദ്രസർക്കാർ അംബാനി- ബിർളാ റിപ്പോട്ടിൻെറ ചുവടുപിടിച്ച് വിദ്യാഭ്യാസത്തെ കച്ചവട ചരക്കാക്കാനും വരേണ്യവൽക്കരിക്കാനും ശ്രമിക്കുന്നു. ഇതിനെതിരെ മുഴുവൻ കോളജധ്യാപകരേയും എ.കെ.പി.സി.ടി.എ യുടെ കൊടിക്കീഴിൽ അണിനിരത്തി മുന്നേറേണ്ടതിന്റെ ആവശ്യം പ്രസിഡന്റ് എടുത്തു പറഞ്ഞു.

അടിമത്തത്തിൽ നിന്നും സ്വാതന്ത്ര്യം നേടാൻ വേണ്ടി പടപൊരുതിയതുപോലെ കേന്ദ്രസർക്കാരിന്റെ ജനദ്രോഹനടപടികൾക്കെതിരെ ഇന്ത്യൻ ജനത സടകുടഞ്ഞ്എഴുന്നേൽക്കുമെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സ.വി.എസ്.അച്ചുതാനന്ദൻ അഭിപ്രായപ്പെട്ടു. ആഗോളവൽക്കരണവും ഉദാരവൽക്കരണവും കൊണ്ട് ഏററവും ബുദ്ധിമുട്ട് അനുഭവിക്കുന്നത് കേരളീയരാണ്. കാർഷികോല്പന്നങ്ങളുടെ വിലയിടിവ് അതാണ് തെളിയിക്കുന്നത്. സാമ്രാജ്യത്വ പ്രേതങ്ങൾ അവരുടെ നയങ്ങൾ നടപ്പിലാക്കുമ്പോൾ ഇന്ത്യൻ ഭരണാധികാരികൾ അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയാണ്. ഇത് ജനദ്രോഹനടപടികളാണെന്ന് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. അന്നതിനെ എതിർത്ത മാധ്യമങ്ങൾ ഇന്ന് അക്കാര്യം സത്യമാണെന്ന് തിരിച്ചറിഞ്ഞു തുടങ്ങിയി

മിക്കുന്നു. കേന്ദ്രസർക്കാരിന്റെ ഇത്തരം നയങ്ങളെ പരമാവധി ചെറുക്കാനാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ശ്രമിക്കുന്നതെന്ന് വി.എസ്. ചൂണ്ടിക്കാട്ടി.

കേരളത്തിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കി പുതിയ വികസന സംസ്കാരത്തിന് ഇടതുപക്ഷമുന്നണി സർക്കാർ തുടക്കം കുറിച്ചതും, വൈദ്യുതിമേഖലയിലെ പ്രശ്നങ്ങൾക്ക് വളരെ വേഗം പരിഹാരം കണ്ടെത്തിയതും സുപ്രധാന നേട്ടങ്ങളാണെന്ന് വി.എസ്. പറഞ്ഞു. കേന്ദ്രസർക്കാരിൻെറ ജനവിരുദ്ധ നയങ്ങളെ കേരളത്തിലെ ഐക്യമുന്നണി നേതാക്കൾ എതിർക്കുന്നില്ലെന്നത് ശ്രദ്ധിക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. സ്വകാര്യമേഖലയെ താലോലിക്കുന്ന പ്രസ്താവനകളാണ് അവർ നിരന്തരം നടത്തുന്നത്. ഇഷ്ടംപോലെ പ്രൊഫഷണൽ കോളജുകൾ സ്വകാര്യ മേഖലയിൽ നൽകാമെന്നാണ് ആന്റണിയുടെ വാഗ്ദാനം. ഇടതുപക്ഷ അധ്യാപക വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ നിരവധി പ്രക്ഷോഭങ്ങളിലൂടെയാണ് കേരളത്തിൽ സാമൂഹ്യനീതിയിൽ ഊന്നിക്കൊണ്ടുള്ള വിദ്യാഭ്യാസം വളർന്നുവന്നത്. സമൂഹത്തിന്റെ പുരോഗതിക്ക് പ്രയോജനം ചെയ്യുന്ന രൂപത്തിലുള്ള വിദ്യാഭ്യാസ തീരുമാനങ്ങളാണ് ഇവിടെ നടപ്പിലാക്കേണ്ടത്. കുട്ടികളുടെ പുരോഗതിക്കും വിജ്ഞാനവളർച്ചയ്ക്കും നല്ലതെന്ന് മനസ്സിലാക്കിയാണ് പ്രീഡിഗ്രി നിർത്തലാക്കാനും ഹയർ സെക്കന്ററി നടപ്പിലാക്കാനും ഇടതുപക്ഷ സർക്കാർ മുൻകൈ എടുത്തത്. അധ്യാപകരേയും അനധ്യാപകരേയും പിരിച്ചുവിടുമെന്ന ഉൽകണ്ഠ ഇവിടെ ഉണ്ടായിരുന്നു. അതൊക്കെ അസ്ഥാനത്താണെന്ന് ഇടതുപക്ഷ സർക്കാരിന്റെ തീരുമാനത്തിൽ നിന്നും നിങ്ങൾക്ക് ബോധ്യപ്പെട്ടിരിക്കയാണല്ലോ. യു.ജി.സി. സ്കെയിലിന്റെ കാര്യത്തിലും അധ്യാപകർക്കനുകൂല്യമായ തീരുമാനങ്ങളാണ് എൽ.ഡി.എഫ് സർക്കാർ സ്വീകരിച്ചത്. വിദ്യാഭ്യാസമേഖലയിൽ വളർച്ചയുണ്ടാക്കാനും നിലവാരം ഉയർത്താനും ആവശ്യമായ കാര്യങ്ങൾ അധ്യാപകരായ നിങ്ങൾ നിർവ്വഹിക്കുന്നുണ്ടോ എന്നും പരിശോധിക്കണം. നമ്മുടെ തലമുറയെ നല്ലരീതിയിൽ വളർത്തിയെടുക്കാനാവശ്യമായ സിലബസ്സ് പരിഷ്കരണവും അതുമായി ബന്ധപ്പെട്ടകാര്യങ്ങളും വേണ്ട രീതിയിൽ നടത്തുന്നതിന് അധ്യാപകർ നേതൃത്വം നൽകണമെന്ന് വി.എസ്. അഭ്യർത്ഥിച്ചു.

സ.സി.പി.നാരായണൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സ.സി.എസ്.സുജാത, എൻ.ജി.ഒ യൂണിയൻ പ്രസിഡന്റ് സ.കെ.വരദരാജൻ കെ.എസ്.ടി.എ. ജനറൽ സെക്രട്ടറി സ.റഷീദ് കണിച്ചേരി, കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ.എംപ്ളോയീസ് സംസ്ഥാന പ്രസിഡന്റ് സ.പി.ബാലകൃഷ്ണൻ, എ.കെ.ജി.സി.ടി. സംസ്ഥാനപ്രസിഡന്റ് പ്രൊഫ.കെ.കെ.വിശ്വനാഥൻ എന്നിവർ ഉദ്ഘാടന സമ്മേളത്തിൽ സംസാരിച്ചു. സംഘടനയുടെ ജനറൽ സെക്രട്ടറി പ്രൊഫ.വി.എൻ.മുരളി കൃതജ്ഞത പറഞ്ഞു.

## വിദ്യാഭ്യാസ സാംസ്കാരികസമ്മേളനം ക്ഷേമനിധി വിതരണം ആർ.ആർ.സി.എൻഡോവ്മെന്റ് പ്രഭാഷണം

പി.ജെ. ജോസഫ്
ഡോ. ബി. ഇക്ബാൽ,
ഡോ. പി. കെ. രാജൻ,
ജി. സുധാകരൻ

നമ്മുടെ വിദ്യാഭ്യാസ സാംസകാരിക രംഗങ്ങളിലെ പ്രശ്നങ്ങളും പ്രതിസന്ധികളും തുറന്നു ചർച്ച ചെയ്യാൻ ഉച്ചയ്ക്കുശേഷം നടന്ന സമ്മേളനം സഹായകമായി. ഈ സമ്മേളനം ഉദ്ഘാടനം ചെയ്തത് വിദ്യാഭ്യാസമന്ത്രി ആയിരുന്ന ശ്രീ.പി.ജെ.ജോസഫാണ്.

### പി.ജെ.ജോസഫ്

കേരളത്തിലെ പ്രൈമറി വിദ്യാഭ്യാസം മുമ്പ് 14-ാം സ്ഥാനത്തായിരുന്നു. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ 1996 മുതൽ നടത്തിവന്ന പ്രവർത്തനങ്ങളുടെ ഫലമായി ഇന്നിപ്പോൾ ഒന്നാം സ്ഥാനത്തെത്തിയിരിക്കുകയാണെന്ന് പി.ജെ.ജോസഫ് പറഞ്ഞു. സ്കൂൾ വിദ്യാഭ്യാസമേഖലയിൽ വമ്പിച്ച മാററങ്ങളാണ് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിരിക്കുന്നത്. ഗുണനിലവാരത്തിൽ വലിയ നേട്ടം ഉണ്ടായി. 2002 ആകുമ്പോഴേക്കും എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ, കരിക്കുലത്തിന്റെ ഭാഗമാകും. അധ്യാപകർക്ക് ഐ.ടിയിൽ പരിശീലനം നൽകുന്ന പരിപാടി ആരംഭിച്ചു കഴിഞ്ഞു. എസ്.എസ്.എൽ.സി വിജയശതമാനം മോഡറേഷനില്ലാതെ തന്നെ ഇയർത്താൻ കഴിഞ്ഞു. 2004 ൽ ഈ രംഗത്ത് 90% വിജയമാണ് പ്രതീക്ഷിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസരംഗത്ത് കൊണ്ടുവരാൻ കഴിഞ്ഞതുപോലുള്ള മാററം ഉന്നത വിദ്യാഭ്യാസരംഗത്തു വരുത്താൻ കഴിഞ്ഞിട്ടില്ലെന്നും ശ്രീ.പി.ജെ.ജോസഫ് പറഞ്ഞു. കോളജുകളിൽ കോഴ്സ് റീസ്ടക്ചറിങ്ങ് നടത്തി പുതിയ കോഴ്സുകൾ തുടങ്ങണം. സമൂഹത്തിനേററവും ആവശ്യമുള്ള കോഴ്സുകൾ ആരംഭിക്കണം. ഇത്തരം കാര്യങ്ങളിൽ അധ്യാപകർ മുൻകൈ എടുക്കണമെന്നും ശ്രീ. പി.ജെ.ജോസഫ് പറഞ്ഞു.

### ഡോ.ബി.ഇക്ബാൽ

അക്കാദമിക് രംഗത്ത് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് എ.കെ.പി.സി.ടി.എ നടത്തുന്ന ശ്രമങ്ങളെ ശ്ലാഘിച്ചുകൊണ്ടാണ് കേരളയൂണിവേഴ്സിററി വൈസ്ചാൻസ്ലർ പ്രസംഗം ആരംഭിച്ചത്. വിവര സാങ്കേതികവിദ്യയുടെ വരവ് അക്കാദമിക് മേഖലയെ ആകെ മാററി മറിക്കാൻ പോവുകയാണ്. അനൗപചാരിക വിദ്യാഭ്യാസത്തിന് പ്രാധാന്യം വരുന്നു. വിജ്ഞാനത്തിന്റെ സ്രോതസ് അധ്യാപകനാണെന്ന നിലമാറുന്നു. വിജ്ഞാനം നമ്മെ അന്വേഷിച്ച് വീട്ടിലേയ്ക്ക് വരികയാണ്. അധ്യാപകർ എത്രയും വേഗം ഐ.ടി ഉപയോഗിക്കുന്നി



ബ്ലെങ്കിൽ കാലഹരണപ്പെട്ടുപോകും. അധ്യാപനരീതിയിലും മാററം വന്നുകൊണ്ടിരിക്കുകയാണ്. അധ്യാപക കേന്ദ്രീകൃതവിദ്യാഭ്യാസ സമ്പ്രദായം മാറി വിദ്യാർത്ഥി കേന്ദ്രീകൃത സമ്പ്രദായം വന്നുകൊണ്ടിരിക്കുന്നു. അധ്യാപകന് ഒരു പ്രേരകന്റെ സ്ഥാനമാണിന്നുള്ളത്. വിവരസാങ്കേതിക വിദ്യയെ വിജ്ഞാനവിദ്യയാക്കി മാററിയെടുക്കാൻ അധ്യാപകന് കഴിയണം. ഐ.ടിയുടെ വരവോടെ ഉള്ളവനും ഇല്ലാത്തവനു് തമ്മിലുള്ള അന്തരം വർദ്ധിക്കും. ഇത് കുറച്ചുകൊണ്ടുവരുകയെന്നുള്ളതും അധ്യാപകന്റെ ചുമതലയാണെന്ന് ഡോ.ഇക്ബാൽ പറഞ്ഞു.

## ഡോ.പി.കെ.രാജൻ



എ.കെ.പി.സി.ടി.എ യുടെ സ്ഥാപക നേതാക്കളിൽ പ്രമുഖനായ പ്രൊഫ. ആർ.ആർ.സി.യുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ അനുസ്മരിച്ചുകൊണ്ടാണ് കണ്ണൂർ യൂണിവേഴ്സിററി വൈസ്ചാൻസ്ലർ ഡോ.പി.കെ.രാജൻ പ്രസംഗിച്ചത്. തമിഴ്നാട്ടിൽ അധ്യാപക പ്രസ്ഥാനത്തിന്റെ നേതാവായി പ്രവർത്തിക്കുമ്പോൾ മുതലേ പ്രൊഫ. ആർ. ആർ.സി.യുമായി തനിക്കുണ്ടായിരുന്ന ബന്ധം ഡോ.രാജൻ ഓർമ്മിച്ചു. പിന്നീട് കേരളത്തിൽ വന്നപ്പോൾ ആ ബന്ധം കൂടുതൽ ദൃഢമായ കാര്യവും അദ്ദേഹം സ്മരിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്ത് എണ്ണത്തേക്കാൾ ഗുണത്തിന്റെ വർദ്ധനവിനായി യത്നിക്കേണ്ട കാലമാണിതെന്ന് ഡോ.രാജൻ അഭിപ്രായപ്പെട്ടു. സർവ്വകലാശാലകൾ സാമൂഹ്യപുരോഗതിക്കുതകുന്നുണ്ടോ എന്ന വിമർശനം നടത്തണം. നമുക്കുധാരാളം സമ്പത്തുണ്ട്. പ്രകൃതി വിഭവങ്ങളുണ്ട്. അതുപയോഗിച്ച് കേരളത്തെ വളർത്തിയെടുക്കാൻ ശ്രമിക്കേണ്ടതുണ്ട്. ഗ്ലോബലൈസേഷൻ വൻകിട മുതലാളിമാർ നടത്തുന്ന ബിസിനസ് താല്പര്യമാണ്. പരമ്പരാഗത കോഴ്സുകളെ ആകർഷകമാക്കാൻ നമ്മൾ ഐ.ടി ഉപയോഗപ്പെടുത്തണം. മധ്യവർഗത്തിന്റെ സ്വഭാവത്തിൽ വന്നിരിക്കുന്ന പരിണാമം മനസ്സിലാക്കണം. എല്ലാ സൗകര്യങ്ങളും വേണം. ത്യാഗം അനുഷ്ഠിക്കാൻ തയ്യാറുമല്ല. വലിയ ആത്മശുദ്ധീകരണത്തിലൂടെ സ്വയം സജ്ജമാക്കിക്കൊണ്ടു മാത്രമേ ഇന്നത്തെ ദുഷ്പ്രവണതകളെ എതിർക്കാൻ കഴിയൂ. അതിനുള്ള തയ്യാറെടുപ്പ് നടത്തേണ്ട കാലമാണിതെന്ന് ഡോ.രാജൻ അഭിപ്രായപ്പെട്ടു.

## ക്ഷേമനിധി: ജി.സുധാകരൻ നൽകി

സർവ്വീസിലിരിക്കെ അന്തരിച്ച അധ്യാപകരുടെ ആശ്രിതർക്കുള്ള ക്ഷേമനിധി വിതരണം സ.ജി.സുധാകരൻ നിർവ്വഹിച്ചു. കോട്ടയം സി.എം.എസ്.കോളജ് അധ്യാപകനായിരുന്ന പ്രൊഫ.പ്രേംചന്ദ്, വാഴൂർ എൻ.എസ്.എസ്. കോളജിലെ പ്രൊഫ. ഗോപാലകൃഷ്ണൻ നായർ, കളമശ്ശേരി സെൻറ് പോൾസ് കോളജിലെ പ്രൊഫ.ജോർജ് കെ.ജോൺ എന്നിവരുടെ കുടുംബാംഗങ്ങൾക്കാണ് ക്ഷേമനിധി നൽകിയത്. സംഘടനാ പ്രവർത്തനത്തിൽ വ്യാപൃതരായിരിക്കെ നമുക്ക് നഷ്ടപ്പെട്ടു പോകുന്ന സുഹൃത്തുക്കളെ സഹായിക്കാൻ എ.കെ.പി.സി.ടി.എ ക്ഷേമനിധി ഏർപ്പെടുത്തിയത് വലിയൊരു സേവനമാണെന്ന് സ: സുധാകരൻ പറഞ്ഞു. കേരളത്തിലെ സർവ്വകലാശാലകളുടെ അധികാരങ്ങൾ കവർന്നെടുക്കാനും സർക്കാരിന്റെ ഒരു ഡിപ്പാർട്ടുമെന്റായി സർവ്വകലാശാലകളെ തരംതാഴ്ത്താനും നടക്കുന്ന നീക്കങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം അദ്ദേഹം ഓർമ്മിപ്പിച്ചു. അഫിലിയേററഡ് കോളജുകളിൽ സ്ഥലസൗകര്യമുണ്ടെന്ന ന്യായം പറഞ്ഞ് മററു സർവ്വകലാശാലകളുടെ കോഴ്സുകൾ നടത്താനുള്ള നീക്കം എതിർക്കപ്പെടണം. ബ്യൂറോക്രസിയുടെ അനാവശ്യമായ ഇടപെടൽ സർവ്വകലാശാലാരംഗത്ത് കൂടിക്കൂടി വരികയാണ്. സർവ്വകലാശാലകളുടെ ആട്ടോണമി സംരക്ഷിക്കണം. ഇത്തരം പ്രശ്നങ്ങളിൽ എ.കെ.പി.സി.ടി.എ സജീവമായി ഇടപെടുന്നുവെന്നത് പ്രതീക്ഷയ്ക്കു വക നൽകുന്നുണ്ടെന്ന് സ.സുധാകരൻ പറഞ്ഞു. പ്രൊഫ.എ.പ്രതാപചന്ദ്രൻ സ്വാഗതവും പ്രൊഫ. പി.ഡി.ശശിധരൻ കൃതജ്ഞതയും രേഖപ്പെടുത്തി.

## പ്രകടനവും പൊതുസമ്മേളനവും



ഫെബ്രുവരി 17 ന് വൈകിട്ട് ആലപ്പുഴ നഗരത്തിൽ നടന്ന കോളജധ്യാപക പ്രകടനം സംഘടനയുടെ വളർച്ചയുടെ പ്രകടനമായിരുന്നു. കോളജധ്യാപകമേഖലയിൽ സംഘടനകൾ പലതുണ്ടെങ്കിലും സംഘശക്തിയുടെ മാററുരയ്ക്കുന്ന ഒരു പ്രകടനം നടത്താൻ അവരാരും തയ്യാറായിട്ടില്ല. എ.കെ.പി.സി.ടി.എ മാത്രമാണ് ഓരോവർഷവും കൂടുതൽ കൂടുതൽ അധ്യാപകരെ പങ്കെടുപ്പിച്ച് ആവേശകരമായ ശക്തിപ്രകടനം നടത്തുന്നത്. ഇത്തവണ അധ്യാപികമാരുടെ പങ്കാളിത്തം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. കോളജധ്യാപകമേഖലയിൽ പകുതിയോളം വനിതകളാണ്. അവരെ പ്രതിനിധീകരിച്ച് ധാരാളം വനിതകൾ പ്രകടനത്തിൽ പങ്കെടുത്തു. ടൗൺഹാളിൽ നിന്നും ആരംഭിച്ച പ്രകടനം നഗരം ചുററി ആലപ്പുഴ മുനിസിപ്പൽ മൈതാനിയിൽ എത്തിച്ചേർന്നു. അവിടെ ചേർന്ന പൊതുസമ്മേളനം സ.പന്ന്യൻ രവീന്ദ്രൻ ഉദ്ഘാ

ടനം ചെയ്തു. സംഘടനയുടെ മുൻ ജനറൽ സെക്രട്ടറിയും ജനതാദൾ നേതാവുമായ പ്രൊഫ.എൻ.എം.ജോസഫ് സംസാരിച്ചു. സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച്കോളജ് വിദ്യാർത്ഥികൾക്കായി നടത്തിയ സാഹിത്യമത്സരത്തിൽ വിജയിച്ചവർക്കുള്ള ക്യാഷ് അവാർഡ് പൊതുസമ്മേളനത്തിൽ വച്ച് സ.പന്ന്യൻ രവീന്ദ്രൻ വിതരണം ചെയ്തു. പ്രസിഡന്റ് പ്രൊഫ.ജോയ്ജോബ് കുളവേലി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രൊഫ.വി.എൻ.മുരളി സ്വാഗതവും, സെക്രട്ടറി പ്രൊഫ.എ. എൻ.ശിവരാമൻ കൃതജ്ഞതയും പറഞ്ഞു.

## സ്നേഹനിർഭരമായ യാത്രയയപ്പ്

സമ്മേളനത്തിന്റെ സമാപന ദിവസമായ 18 നായിരുന്നു വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്ര അയപ്പ്. വെല്ലുവിളികൾ നിറഞ്ഞ കഴിഞ്ഞകാലങ്ങളിൽ, മററെല്ലാം മറന്ന്, സംഘടന ശക്തമാക്കാൻ സ്വജീവിതം ഉഴിഞ്ഞുവച്ച ധീരൻമാരായ സംഘടനാ നേതാക്കളുടെ വലിയൊരു നിര വിരമിക്കുന്നു. സമ്മേളന വേദിയിൽ നിറഞ്ഞസാന്നിധ്യം. പലരും പഴയകാലസ്മരണയിൽ ആവേശഭരിതരായിരുന്നു. ചിലർ സമരഭൂമിയിലെ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടാണ് പ്രസംഗിച്ചത്. ഉപഹാരമായി ആലപ്പുഴ സമ്മേളനത്തിന്റെ സ്മരണ എന്നെന്നും ഉണർത്താൻ പോന്ന ചുണ്ടൻവള്ളത്തിന്റെ മനോഹരമായ മാതൃകയാണ് വിരമിക്കുന്നവർക്ക് നൽകിയത്. സംഘടനയുടെ മുൻകാല നേതാവും തിരുവനന്തപുരം മേയറുമായ പ്രൊഫ. ജെ.ചന്ദ്ര ഉപഹാരങ്ങൾ നൽകി. യോഗത്തിൽ വൈസ്പ്രസിഡന്റ് പ്രൊഫ.എം.പി.ലളിതാബായി അധ്യക്ഷത വഹിച്ചു. വിരമിക്കുന്ന അധ്യാപകരുടെ സേവനങ്ങൾ അനുസ്മരിച്ചുകൊണ്ട് ട്രഷറർ പ്രൊഫ.കെ.ശശിധരൻ യോഗത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. യോഗം ഉദ്ഘാടനം ചെയ്തത് സംഘടനയുടെ മുൻ ട്രഷററും ഇപ്പോൾ കാലിക്കട്ട് യൂണിവേഴ്സിററി പ്രോ വൈസ് ചാൻസിലറുമായ പ്രൊഫ. എം.സലീം ആണ്. കഴിഞ്ഞ കാലങ്ങളിൽ സ്വകാര്യകോളജ് അധ്യാപകർ അനുഭവിച്ച പീഡനങ്ങളെപ്പററിയും അവ മാററിയെടുക്കാൻ എ.കെ. പി.സി.ടി.എ നടത്തിയ സമരങ്ങളെപ്പററിയും പ്രൊഫ.സലീം ഉദ്ഘാടനപ്രസംഗത്തിൽ പരാമർശിച്ചു. എ.കെ.പി. സി.ടി.എ നേതാവും ഇപ്പോൾ കോഴിക്കോട്കോർപ്പറേഷൻ ഡെപ്യൂട്ടിമേയറുമായ പ്രൊഫ.പി.ടി.അബ്ദുൾ ലത്തീഫ് വിരമിക്കുന്നവർക്ക് ആശംസകൾക്ക് നേർന്നു. സേവന വേതനവ്യവസ്ഥകൾക്കുവേണ്ടിയും, അക്കാദമിക് രംഗത്തെ മാററങ്ങൾക്കുവേണ്ടിയും വിരമിക്കുന്ന അധ്യാപകർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ പ്രൊഫ. അബ്ദുൾലത്തീഫ് പ്രത്യേകം പരാമർശിച്ചു. കാലഘട്ടത്തിന്റെ കടമകൾ ഏറെറടുത്ത് ഈ രാജ്യത്തെ സംരക്ഷിക്കുവാനും വിദ്യാഭ്യാസത്തിന്റെ വരേണ്യവൽക്കരണത്തിനെതിരേ തുടർന്നും പോരാടാനുള്ള സന്മനസ്സ് റിട്ടയർ ചെയ്തതിനുശേഷമുള്ള ശിഷ്ടജീവിതത്തിലും ഈ അധ്യാപകർക്ക് ഉണ്ടാകുമെന്ന് ആശംസകൾ നേർന്നു സംസാരിച്ച കയർ ഫെഡ് ചെയർമാൻ സ.ടി.കെ.ദേവകുമാർ പ്രത്യാശിച്ചു.

പ്രസിഡന്റ് പ്രൊഫ.ജോയ്ജോബ് കുളവേലിയും ജനറൽ സെക്രട്ടറി പ്രൊഫ.വി.എൻ.മുരളിയും ഉൾപ്പെടെയുള്ള വിരമിക്കുന്ന നേതാക്കൾ യാത്രയയപ്പിന് നന്ദി പറഞ്ഞു. സെക്രട്ടറി പ്രൊഫ.കുട്ടികൃഷ്ണൻ യോഗത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾക്കും അധ്യാപകർക്കും കൃതജ്ഞത രേഖപ്പെടുത്തി.

യാത്രയയപ്പു സമ്മേളനത്തിനുശേഷം പ്രതിനിധി സമ്മേളനം തുടർന്നു. 16-ാം തീയതി ജനറൽ സെക്രട്ടറി അവതരിപ്പിച്ച വാർഷിക റിപ്പോർട്ട്, ട്രഷറർ അവതരിപ്പിച്ച വരവുചെലവുകണക്ക് എന്നിവയെപ്പററി പ്രതിനിധികളുടെ ഗ്രൂപ്പ് ചർച്ചയിലുന്നയിച്ച സംശയങ്ങൾക്കും വിമർശനങ്ങൾക്കും ജനറൽ സെക്രട്ടറിയും ട്രഷററും വിശദമായ മറുപടി പറഞ്ഞു. സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിന് അംഗങ്ങൾ വച്ച നിർദ്ദേശങ്ങൾ പ്രവർത്തകസമിതി പരിശോധിച്ച് നടപ്പിലാക്കുമെന്ന് ജനറൽ സെക്രട്ടറി ഉറപ്പു നൽകി.

ആലപ്പുഴ സമ്മേളനം എല്ലാ അർത്ഥത്തിലും ഗംഭീരവിജയമാക്കിത്തീർത്ത സ്വാഗതസംഘത്തേയും അതിന് നേതൃത്വം നൽകിയ ജനറൽ കൺവീനർ പ്രൊഫ.രഘുനാഥുൾപ്പടെയുള്ള നേതാക്കന്മാരേയും പ്രസിഡന്റും ജനറൽ സെക്രട്ടറിയും മുക്തകണ്ഠം പ്രസംഗിച്ചു. സമ്മേളനം നടന്ന നാലുദിവസവും യാതൊരു പരാതിയുമില്ലാതെ ഭക്ഷണവും താമസവുമൊരുക്കിയിരുന്നു. സമ്മേളനത്തിന്റെ പ്രൗഢി വിളിച്ചറിയിക്കുന്ന തരത്തിൽ വേദിയും ഹാളും ആലപ്പുഴ നഗരവും അണിയിച്ചൊരുക്കുന്നതിന് രാപകലില്ലാതെ പ്രവർത്തിച്ചവർ നിരവധിയാണ്. സമ്മേളനവേദിയായിരുന്ന ആലപ്പുഴ ടൗൺഹാളിൽ കമ്പ്യൂട്ടർ സൗകര്യങ്ങളോടെ പ്രവർത്തിച്ച മീഡിയാ സെന്റർ പുതുമയാർന്നതായി. സ്വാഗതസംഘത്തിന്റെ ഒരു മാസം നീണ്ടുനിന്ന പ്രവർത്തനങ്ങൾ പൂർണ്ണഫലപ്രാപ്തിയിലെത്തിയതിന്റെ തെളിവായിരുന്നു സമ്മേളനത്തിന്റെ ഗംഭീര വിജയം. സമ്മേളനം വിജയപ്പിച്ചവർക്കെല്ലാം നന്ദി രേഖപ്പെടുത്തിയ ജനറൽ കൺവീനർ പ്രൊഫ.രഘുനാഥ് ആലപ്പുഴയിലെ വർഗബഹുജനപ്രസ്ഥാനങ്ങളുടെ നേതാക്കൾ ഈ സമ്മേളനം ചിട്ടയായി നടത്താൻ നൽകിയ സഹായസഹകരണങ്ങൾ പ്രത്യേകം ഓർമ്മിച്ചു. സ.കെ. വി.ദേവസാദിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച സ്വാഗത സംഘാംഗങ്ങൾക്കെല്ലാം നന്ദി പറഞ്ഞു. പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏകകണ്ഠമായിരുന്നു. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ.തോമസ് ജോസഫും, ജനറൽ സെക്രട്ടറി പ്രൊഫ.എ.പ്രതാപചന്ദ്രൻ നായരും പ്രതിനിധി സമ്മേളനത്തെ അഭിവാദ്യം ചെയ്തു.

സമ്മേളന ഹാളിൽ നിന്നും ഉശിരൻ മുദ്രാവാക്യങ്ങളുമായി പുറത്തുവന്ന പ്രതിനിധികളുടെ സാന്നിധ്യത്തിൽ പ്രസിഡന്റ് പതാക താഴ്ത്തി പുതിയ ഭാരവാഹികൾക്ക് കൈമാറിയതോടെ 43-ാം സംസ്ഥാന സമ്മേളനത്തിന് സമാപനമായി. ■

# ബൗദ്ധിക സ്വാതന്ത്ര്യം അനുവദിക്കുന്ന വിദ്യാഭ്യാസം വേണം: ഡോ.കെ.എൻ.പണിക്കർ



സാംസ്കാരിക, ബൗദ്ധിക സ്വാതന്ത്ര്യം അനുവദിക്കുന്ന വിദ്യാഭ്യാസമാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് അടിയന്തരമായി നടപ്പാക്കേണ്ടതെന്ന് കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചെൻസലർ ഡോ.കെ. എൻ.പണിക്കർ പറഞ്ഞു. എ.കെ.പി.സി.ടി.എ. അക്കാദമിക് കമ്മററിയുടെ ആഭിമുഖ്യത്തിൽ `അംബാനി-ബിർള റിപ്പോർട്ടും ആഗോള-കമ്പോളവൽക്കരണവും' എന്ന വിഷയത്തെക്കുറിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റ് ഓഡിറോറിയത്തിൽ സംഘടിപ്പിച്ച ആശയ സംവാദം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കാനുള്ള ശ്രമങ്ങൾ അതിതീവ്രമായി നടക്കുകയാണ്. ചോദ്യം ചെയ്യാതെ എന്തും അനുസരിക്കുന്ന തരത്തിൽ സേവകരെ സൃഷ്ടിച്ചെടുക്കുക എന്നതാണ് ഇത്തരം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഉന്നത വിദ്യാഭ്യാസം സാധാരണക്കാരന് അപ്രാപ്യമായ സ്ഥിതിയാണുള്ളത്. ഈ രംഗത്ത് കൂടുതൽ സാമ്പത്തിക നിക്ഷേപത്തിന് കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. ആശയകുഴപ്പങ്ങൾ ഉണ്ടാക്കി ഉന്നത വിദ്യാഭ്യാസത്തെ കൈപിടിയിലൊതുക്കാനാണ് നീക്കം. വിദ്യാഭ്യാസരംഗത്തെ സാംസ്കാരികവും ബൗദ്ധികവും യുക്തിപരവുമായ ഉള്ളടക്കത്തെ തകർക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്.

അദ്ധ്യാപകനും വിദ്യാർത്ഥിയും വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകൾ പുലർത്തുന്നവരായിരിക്കണം. ബൗദ്ധിക അടിമത്തം വിദ്യാഭ്യാസത്തിലൂടെ സൃഷ്ടിക്കുന്നതെങ്ങനെയാണെന്ന് മനസ്സിലാക്കാൻ സ്വതന്ത്ര വിദ്യാഭ്യാസവും രാഷ്ട്രീയബോധവും വേണം.

വിവരസാങ്കേതികത മാത്രം വികസിപ്പിക്കുകയും മാനവിക വിഷയങ്ങൾ അവഗണിക്കുകയും ചെയ്യുന്ന പുതിയ സമ്പ്രദായങ്ങൾ തിരസ്കരിക്കേണ്ടതുണ്ട്. വികസിത രാജ്യങ്ങൾക്കുവേണ്ടി കമ്പ്യൂട്ടർ വിപ്ലവം നടത്തുവാൻ മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്ന വ്യവസായശാലകളായിക്കൂടാ നമ്മുടെ വിദ്യാലയങ്ങൾ. പുതിയ സാങ്കേതികതിയിലൂടെ ലഭിക്കുന്ന 'വെറും വിവരങ്ങൾ' നേടി ബൗദ്ധികമായി പിന്നോക്കം പോകുന്ന അവസ്ഥാവിശേഷം അനുവദിച്ചുകൂട. മൂന്നാം രാജ്യങ്ങളെ കൈപ്പിടിയിലൊതുക്കുക എന്ന ഒററ ലക്ഷ്യത്തോടെ, ഏകകേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന ആഗോളവൽക്കരണത്തെ തിരിച്ചറിഞ്ഞ് തോൽപ്പിക്കണം.

വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമീണ വികസനം എന്നി മേഖലകളിൽ സ്വകാര്യനിക്ഷേപകരെ ആകർഷിക്കുവാനുള്ള നയരൂപികരണത്തിനുവേണ്ടി പഠനം നടത്തുവാൻ കേന്ദ്ര സർക്കാർ നിയോഗിച്ച കമ്മീഷനംഗങ്ങളാണ് വ്യവസായികളായ മുകേഷ് അംബാനിയും കുമാര മംഗലം ബിർളയും. ഇവർ വിദ്യാഭ്യാസ വിചക്ഷണൻമാരല്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാർ മുതൽ മുടക്കേണ്ടതില്ലെന്നും ഈ രംഗം പൂർണ്ണമായും സ്വകാര്യമേഖലയ്ക്ക് തുറന്നു കൊടുക്കണമെന്നും അംബാനി-ബിർള റിപ്പോർട്ട് പറയുന്നു. ഉന്നതവിദ്യാഭ്യാസ





രംഗം സ്വകാര്യവൽക്കരിക്കുമ്പോൾ അദ്ധ്യാപക, വിദ്യാർത്ഥി രാഷ്ട്രീയം പൂർണ്ണമായും നിരോധിക്കണമെന്നാണ് റിപ്പോർട്ടിലെ മറ്റൊരു നിർദ്ദേശം. തൊഴിലാളികളുടേയും അദ്ധ്യാപകരുടേയും സേവന-വേതന സംരക്ഷണനിയമങ്ങൾ പൊളിച്ചെഴുതണമെന്നും നിർദ്ദേശമുണ്ട്.

ഇത്തരത്തിൽ വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കുകയും അരാജകത്വം സൃഷ്ടിക്കുകയും തൊഴിലാളിവിരുദ്ധ സമീപനം പുലർത്തുകയും ചെയ്യുന്ന തരത്തിലുള്ള റിപ്പോർട്ട് നടപ്പാക്കാനുള്ള കേന്ദ്ര സർക്കാർ നീക്കങ്ങൾക്കെതിരെ ജാഗ്രത പുലർത്തണമെന്നു ഡോ. കെ. എൻ.പണിക്കർ പറഞ്ഞു.

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ.കെ.ബാബു ജോസഫ് അദ്ധ്യക്ഷനായിരുന്നു. എ.കെ.പി.സി.ടി.എ. അക്കാദമിക് കമ്മറ്റി പുറത്തിറക്കിയ അംബാനി-ബിർള റിപ്പോർട്ട് നടപ്പാക്കാൻ `ബി.ജെ.പി.-കോൺഗ്രസ് കൂട്ടുകെട്ട്' എന്ന പഠന രേഖയുടെ പ്രകാശനം ചിന്താ എഡിറ്റർ സ.സി. പി.നാരായണൻ നിർവ്വഹിച്ചു. എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.ജോയ് ജോബ് കുളവേലിൽ സ്വാഗതവും ജനറൽ സെക്രട്ടറി പ്രൊഫ.വി. എൻ. മുരളി നന്ദിയും പറഞ്ഞു.

ഉച്ചയ്ക്ക് ശേഷം നടന്ന രണ്ടാം സെഷനിൽ അക്കാദമിക് കമ്മററി കൺവീനർ പ്രൊഫ.തോമസ് ജോസഫ് മോഡറേറ്ററായിരുന്നു. കേരള, എം.ജി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിൽ നിന്നും എത്തിയ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു. സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻ നായർ നന്ദി രേഖപ്പെടുത്തി. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിന്നും 80 പ്രതിനിധികൾ ഈ ആശയ സംവാദ സെമിനാറിൽ പങ്കെടുത്തു.

# നാടൻ കലാസെമിനാർ



നിലമേൽ എൻ. എസ്. എസ് കോളജ് എ.കെ.പി.സി.ടി. എ അക്കാദമിക് സമിതിയുടെ ആഭിമുഖ്യത്തിൽ നാടൻകലാ സെമിനാർ സംഘടിപ്പിച്ചു. അക്കാദമിക് സമിതി കൺവീനർ ഡോ. പി. എൻ. ഗംഗാധരൻ നായർ അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രൊ. കടമനിട്ട വാസുദേവൻ പിള്ള മുഖ്യ പ്രഭാഷണം നടത്തി. പ്രൊ.ജി.പി. സുരേഷ്ബാബു ആശംസയും ബ്രാഞ്ച് സെക്രട്ടറി ഡോ. എസ്. ഭാസിരാജ് സ്വാഗതവും ബ്രാഞ്ച് പ്രസിഡന്റ് പ്രൊ. ബി. ശിവദാസൻ പിള്ള നന്ദിയും പറഞ്ഞു.

# Onset

**M.S. Vasanthakumar**
S N College, Kollam

*Troughs and crests*
*Were wonders at first sight,*
*Panic and pandemonium*
*Were prominent protrusions,*
*On the then unrealized clam,*

*Then a nascent chick*
*On a lawn,*
*Hardly looking around,*
*Unskilled to sort grains from thorns,*
*unable to percieve poison and danger,*
*I went along-*
*Time in decades,*
*Rain in torrents,*
*Drought like thorns,*

*Spring with blossoms*
*And winter's frost bibe,*
*Seasoning and bequeathing me*
*With battered visage,*
*Ensilvered hair*
*And wrinkled skin!-*

*I fly high now*
*To look down and see!*
*I am catious to step,*
*Patient to react,*
*And authoritative to live.*

# അഞ്ചൽ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 2574,
അഞ്ചൽ പി. ഒ, കൊല്ലം ജില്ല,
ഫോൺ 273254

| | | |
|---|---|---|
| അംഗങ്ങൾ | - | 14750 |
| ഓഹരി മൂലധനം | - | 35 ലക്ഷം |
| നിക്ഷേപങ്ങൾ | - | 450 ലക്ഷം |
| വായ്പകൾ | - | 360 ലക്ഷം |

- ❖ അംഗങ്ങളുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് 1 ലക്ഷം രൂപ വരെ വായ്പ നൽകി വരുന്നു.
- ❖ നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ. ഗവൺമെന്റ് ഗ്യാരന്റി.
- ❖ ചിട്ടികൾ, സ്വർണ്ണപ്പണയ വായ്പകൾ, വളം, കീടനാശിനി, നീതിസ്റ്റോർ, ടെക്സ്റ്റയിൽ എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

എസ്. ബൈജു
പ്രസിഡന്റ്

എം. യോഹന്നാൻ
സെക്രട്ടറി

ആശംസകളോടെ

## 22 കാരററ് സ്വർണ്ണാഭരണങ്ങൾക്ക്

HJ

# ഹരിശ്രീ

## ജുവലേഴ്സ്

## കൊട്ടിയം

ഫോൺ: 531734, 531934 (Shop), 717734 (Res)

# എ.കെ.പി.സി.ടി.എ

## പ്രവർത്തകസമിതി തീരുമാനങ്ങൾ (23.5.2001)

പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ ഇക്കൊല്ലത്തെ ആദ്യപ്രവർത്തകസമിതി യോഗം എറണാകുളത്ത് ചേർന്നു. ജനറൽ സെക്രട്ടറി പ്രൊഫ.എ.പ്രതാപചന്ദ്രൻ നായർ റിപ്പോർട്ട് അവതരിപ്പിച്ചു. 2001 മാർച്ച് 22ന് സർക്കാരുമായി നടത്തിയ ചർച്ചയുടെ തുടർച്ചയായി ഏപ്രിൽ 25ന് ഡി.സി.ഇ.യേയും മേയ് 17ന് ഉന്നതവിദ്യാഭ്യാസ സെക്രട്ടറിയേയും കാണുകയുണ്ടായി. അഞ്ചാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ ഫിക്സേഷൻ നൽകുന്നതിൽ കൊല്ലം, കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ വരുത്തുന്ന അക്ഷന്തവ്യമായ കാലതാമസം ശ്രദ്ധയിൽ പെടുത്തി. ബ്രോക്കൺ പീരിയഡ്, താല്ക്കാലിക സർവ്വീസിൽ നിന്നും സ്ഥിരം തസ്തികയിലേക്ക് മാററുന്നതുമായി ബന്ധപ്പെട്ട് കരിയർ അഡ്വാൻസ്മെന്റ് താമസിപ്പിക്കുന്നത്, സർവ്വകലാശാലകൾ നൽകിയ പ്രൊമോഷൻ അപ്രൂവൽ ഡെപ്യൂട്ടി ഡി.സി.ഇ.കൾ അപ്രൂവ് ചെയ്താൽ മാത്രമേ ശമ്പളം 'ക്ലെയിം' ചെയ്യാൻ പാടുള്ളൂവെന്ന ചില ഡെപ്യൂട്ടി ഡയറക്ടർമാരുടെ നിലപാടുകൾ, തൃശൂർ ഡെപ്യൂട്ടി ഡി.സി.ഇ ചില അധ്യാപകരുടെ ശമ്പളം തടഞ്ഞതടക്കമുള്ള പ്രശ്നങ്ങൾ ഡി.സി.ഇ. മായുള്ള ചർച്ചയിൽ നാം ഉന്നയിച്ചു. ഡെപ്യൂട്ടി ഡയറക്ടർമാർക്ക് വേണ്ട നിർദ്ദേശം നൽകാമെന്ന് ഡയറക്ടർ ഉറപ്പുനൽകി.

16 മണിക്കൂർ വർക്കലോഡ്' യു.ജി.സി. ഉത്തരവിനും യു.ജി.സി റെഗുലേഷനും എതിരാണെന്ന് കാണിച്ച് മേയ് 17ന് ഉന്നതവിദ്യാഭ്യാസ സെക്രട്ടറിക്ക് നാം വിശദമായ മെമ്മോറാണ്ടം നൽകുകയുണ്ടായി. ഗവേഷണബിരുദ്ധധാരികൾക്ക് നൽകുന്ന ഇൻസെന്റീവ് സംബന്ധിച്ച് അവസാനം ഇറങ്ങിയ ഉത്തരവിലെ രണ്ട് വകുപ്പുകൾ മാററണമെന്ന് നാം ആവശ്യപ്പെട്ടു. സെലക്ഷൻ ഗ്രേഡ് ലക്ചറർ / റീഡർ സ്കെയിലിലേക്ക് മാറുന്ന ഒരാളിന് ലോവർ സ്കെയിലിൽ 2 ഇൻക്രിമെന്റ് നൽകി ഹയർ സ്കെയിൽ ഫിക്സ് ചെയ്യണമെന്നതും ഇൻസെന്റീവ് ലഭിക്കുന്നവർക്ക് 28(A) ബാധകമല്ലാ എന്നതും ഇൻസെന്റീവിന്റെ തന്നെ പ്രയോജനം ഇല്ലാതാക്കുന്നതിന് തുല്യമാണ്. ഹയർ സ്കെയിലിൽ 2 ഇൻക്രിമെന്റ് നൽകുകയും 28(A) പുന:സ്ഥാപിക്കുകയും വേണം. വെക്കേഷനിൽ വാല്യേഷൻ ക്യാമ്പുകളിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ഏൺഡ് ലീവ്' നൽകണമെന്നും നാം ആവശ്യപ്പെട്ടു. നിവേദനങ്ങളിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിക്കുന്നതാണെന്നും യുജിസി ഫിക്സേഷൻ അടിയന്തിരമായും ചെയ്തു തീർക്കാൻ നിർദ്ദേശം നൽകാമെന്നും ഉന്നത വിദ്യാഭ്യാസ സെക്രട്ടറി ഉറപ്പു നൽകി.

യുജിസിയുടെ പ്രൊഫഷണൽ ഡവലപ്പ്മെന്റ് സ്കീമിൽ ഗവേഷണത്തിന് പോകുന്നവരുടെ സബ്സ്റ്റിററ്യൂട്ടിന് നിർബന്ധമായും എൻഇടി വേണമെന്ന നിബന്ധന ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഡിസിഇയോടും യുജിസിയോടും കത്ത് വഴി ആവശ്യപ്പെട്ടു.

### മെമ്പർഷിപ്പ്

മെമ്പർഷിപ്പ് പ്രവർത്തനം ജൂൺ-ജൂലൈ മാസങ്ങളിലായി പൂർത്തികരിക്കുവാൻ നിശ്ചയിച്ചു. ഓരോ അംഗത്തിൽനിന്നും ഇരുന്നൂറ് രൂപവീതം പിരിച്ച് സംസ്ഥാന ട്രഷർക്ക് അയച്ചുകൊടുക്കണം. അംഗങ്ങൾക്കെല്ലാവർക്കും ജേർണൽ സൗജന്യമായി എത്തിച്ചുകൊടുക്കുന്നതാണ്. ജേർണലിന്റെ കൂടുതൽ കോപ്പികൾ ആവശ്യമുണ്ടെങ്കിലോ അംഗങ്ങളല്ലാത്തവർക്ക് ആവശ്യമുണ്ടെങ്കിലോ വാർഷിക വരിസംഖ്യ 50 രൂപ മാനേജിംഗ് എഡിററർക്ക് അയച്ചു കൊടുക്കണം.

സംസ്ഥാന/ജില്ലാ ഭാരവാഹികൾ ആഗസ്തിന് മുൻപ് എല്ലാ ബ്രാഞ്ചുകളും സന്ദർശിക്കാൻ തീരുമാനിച്ചു. ജൂൺ ആദ്യവാരത്തിൽ തന്നെ ജില്ലാ കൗൺസിലുകൾ ചേരേണ്ടതാണ്.

### പ്രീഡിഗ്രി ഡീലിങ്കിംഗ്/അധികം വരുന്ന അദ്ധ്യാപകർ

പ്രീഡിഗ്രി കോളജുകളിൽനിന്നും പൂർണമായും അപ്രത്യക്ഷമായിരിക്കുന്ന സാഹചര്യത്തിൽ കോളജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന്റെ ആവശ്യകതയും, അദ്ധ്യാപകരെ കോളജുകളിൽ തന്നെ സംരക്ഷിക്കുമെന്ന മുൻ സർക്കാരിന്റെ ഉത്തരവും, അധ്യാപക പുനർവിന്യാസം സംബന്ധിച്ച നമ്മുടെ നിലപാടുകളും വിദ്യാഭ്യാസ മന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തണമെന്ന് നിശ്ചയിച്ചു.

### എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മിററി ഓഫീസ്

ഓഫീസ് കെട്ടിടത്തിന്റെ മൂന്നാംനിലയുടെ പണി ആരംഭിക്കേണ്ടിയിരിക്കുന്നു. ഫർണിച്ചർ വാങ്ങേണ്ടതുണ്ട്. സംസ്ഥാന സമ്മേളനത്തിന്റെ തീരുമാനം അനുസരിച്ച്, യുജിസി കുടിശ്ശിക കിട്ടുമ്പോൾ, അംഗമൊന്നിന് 500 രൂപാ വീതം നൽകേണ്ടതാണ്. വീഴ്ച കൂടാതെ പ്രസ്തുത തുക ബ്രാഞ്ച് സെക്രട്ടറി

മാർ പിരിച്ച് സംസ്ഥാന ജനറൽ സെക്രട്ടറിക്ക് അയയ്ക്കണം.

സംസ്ഥാന കമ്മിററി ഓഫീസിൽ ഉടൻതന്നെ ഫാക്സ്, ഇ-മെയിൽ സൗകര്യങ്ങൾ ഒരുക്കുന്നതാണ്.

## സംസ്ഥാന പ്രവർത്തക ക്യാമ്പ്

ആഗസ്ത് രണ്ടാം വാരത്തിൽ സംസ്ഥാന പ്രവർത്തക ക്യാമ്പ് നടത്താൻ നിശ്ചയിച്ചു.

2001-2002 വർഷത്തേക്ക് താഴെ പറയുന്നവരെ നാമനിർദ്ദേശം ചെയ്തു.

## പ്രവർത്തക സമിതി

1. **പ്രൊഫ.പി.രഘുനാഥൻ,**
   *എം.എസ്.എം.കോളജ്, കായംകുളം*
2. **പ്രൊഫ.പി.ഡി.ശശിധരൻ,**
   *ഡി.ബി.കോളജ്, തലയോലപ്പറമ്പ്*
3. **പ്രൊഫ.ഹബീബ് റഹ്മാൻ,**
   *എം.ഇ.എസ്.കോളജ്, പൊന്നാനി.*

## സംസ്ഥാന കമ്മിററിയിൽ ഒഴിവുള്ള സ്ഥാനങ്ങൾ

1. **പ്രൊഫ.ജയിംസ് ഫിലിപ്പ്,**
   *ദേവമാതാ കോളജ്, കുറവിലങ്ങാട്*
2. **പ്രൊഫ.പി.കെ.മുഹമ്മദ്,**
   *എം.ഇ.എസ്.കോളജ്, മമ്പാട്*
3. **പ്രൊഫ. ഇ.ദാമോദരൻ,**
   *പയ്യന്നൂർ കോളജ്, പയ്യന്നൂർ*

## പ്രവർത്തക സമിതിയിലെ സ്ഥിരം ക്ഷണിതാക്കൾ

1. **പ്രൊഫ.ടി.കെ.തോമസ്,**
   *സിൻഡിക്കേററ് അംഗം, കോഴിക്കോട് സർവകലാശാല*
2. **പ്രൊഫ.ആർ.മോഹനകുമാർ,**
   *സിൻഡിക്കേററ് അംഗം, കേരള സർവകലാശാല*

## അക്കാദമിക് കമ്മിററി

**പ്രൊഫ. കെ.മാത്യു,**
*ബസേലിയോസ് കോളജ്, കോട്ടയം (കൺവീനർ)*
**ഡോ. അനിൽകുമാർ,**
*എസ്.എൻ.കോളജ്, കണ്ണൂർ*
**യു.ഹേമന്തകുമാർ,**
*എസ്.എൻ.ജി.കോളജ്, ചേളന്നൂർ*
**പ്രൊഫ.ബഷീർ അഹമ്മദ്,**
*പി.എസ്.എം.ഒ. കോളജ്, തിരൂരങ്ങാടി, മലപ്പുറം.*
**പ്രൊഫ.എം,നസീം,**
*എം.ഇ.എസ്.കോളജ്, മണ്ണാർക്കാട്, പാലക്കാട്*
**ഡോ.ബാലു.ടി.കുഴിവേലി,**
*ക്രൈസ്റ്റ് കോളജ്, ഇരിങ്ങാലക്കുട, തൃശ്ശൂർ*
**പ്രൊഫ.കെ.വി.ശശിധരൻ,**
*എം.എ.കോളജ്, കോതമംഗലം, എറണാകുളം.*
**പ്രൊഫ.ജയിംസ് ഫിലിപ്പ്,**
*ദേവമാതാ കോളജ്, കുറവിലങ്ങാട്, കോട്ടയം.*
**പ്രൊഫ.ഫിലിപ്പ് എം.തോമസ്,**
*മാർത്തോമാ കോളജ്, തിരുവല്ല, പത്തനംതിട്ട.*
**പ്രൊഫ. ജുനുലാൽ,**
*എസ്.ഡി.കോളജ്, ആലപ്പുഴ.*
**പ്രൊഫ.എസ്.പരമേശ്വരൻ,**
*ടി.കെ.എം.കോളജ് ഓഫ് ഇൻജിനീയറിംഗ്,കൊല്ലം*
**ഡോ.എം.ആർ.സുദർശനകുമാർ,**
*എം.ജി.കോളജ്, തിരുവനന്തപുരം.*

## കേരള പ്രൈവററ് കോളജ് ടീച്ചർ

*ചീഫ് എഡിററർ:*
**പ്രൊഫ.കെ.ജഗന്നാഥൻ നായർ,**
**എം.ജി.കോളജ്, തിരുവനന്തപുരം**
*മാനേജിംഗ് എഡിററർ:*
**പ്രൊഫ. എസ്.ജയരാജ്കുമാർ**
**എസ്.എൻ കോളജ്, വർക്കല**
അസിസ്റ്റന്റ് എഡിററർ:
**പ്രൊഫ.വി.ജയകുമാർ,**
**എൻ.എസ്.എസ്.വനിതാ കോളജ്,തിരുവനന്തപുരം**

## അംഗങ്ങൾ

**തോമസ് ജോസഫ്**
**എ.പ്രതാപചന്ദ്രൻ നായർ**
**വി.രാജഗോപാൽ**
**എം.പി.വിജയലക്ഷ്മി**
**കെ.ശശിധരൻ**
**കെ.എസ്.പവിത്രൻ**
**ഡോ.ആർ.ബി.രാജലക്ഷ്മി**
**ടി.എൻ.മനോഹരൻ**
**ജെ.രാജു**
**എം.ഷാഹുൽ ഹമീദ്**
**മാത്യു.ജെ.മുട്ടത്ത്**
**ജി.എസ്.സുരേഷ്**
**എം.എസ്.വസന്തകുമാർ**
**എം.ഡി.രതീഷ്കുമാർ**
**ഡോ.സി.ആർ.പ്രസാദ്**
**ഡോ.കെ.എച്ച്.സുബ്രഹ്മണ്യൻ**

## ലയ്സൺ ഓഫീസർ

**സെക്രട്ടറിയേററ്**

1. **ഡോ.വിജയകുമാർ**
   *മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം*
2. **ശ്രീ. എസ്.ഷിബു**
   *എസ്. എൻ.കോളജ്, വർക്കല*
3. **ശ്രീ. ആർ.മോഹനകൃഷ്ണൻ**
   *എം.ജി.കോളജ്, തിരുവനന്തപുരം*
4. **ശ്രീ.ശിവദാസൻ,**
   *എസ്. എൻ.കോളജ്, ചെമ്പഴന്തി*

## കോളജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

1. ശ്രീ.ജോണി.കെ.ജോൺ,

*മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം*

2. ശ്രീ. സിറിൾ ജോൺസൺ,

*സെന്റ് സേവിയേഴ്സ് കോളജ്, തുമ്പ, തിരുവനന്തപുരം*

### ഡപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ

കൊല്ലം **പ്രൊഫ.യോഹന്നാൻകുട്ടി,**
*സെന്റ് ജോൺസ്, അഞ്ചൽ, കൊല്ലം.*
**പ്രൊഫ.സിറാജുദ്ദീൻകുട്ടി,**
*ടി.കെ.എം.കോളജ് ഓഫ് ഇൻജിനീയറിംഗ്, കൊല്ലം.*

കോട്ടയം **ഡോ.ടി.വി.മാത്യു,**
*എസ്.ബി.കോളജ്, ചങ്ങനാശ്ശേരി*
**പ്രൊഫ. എ.എസ്.വർഗീസ്,**
*സി.എം.എസ്, കോട്ടയം*

എറണാകുളം **ഡോ.ജോസഫ് ജോസ്,**
*എസ്.എച്ച്.കോളജ്, തേവര*
**പ്രൊഫ.പി.പി.ചന്ദ്രശേഖരൻ പിള്ള,**
*ഡി.ബി.കോളജ്, തലയോലപ്പറമ്പ്*

തൃശൂർ **പ്രൊഫ.സി.മുരളീധരൻ,**
*എൻ.എസ്.എസ്.കോളജ്, നെന്മാറ*
**ഡോ.വി.കെ.വിജയൻ,**
*കേരളവർമ്മ കോളജ്, തൃശൂർ*

കോഴിക്കോട് **പ്രൊഫ. എൻ.ഇ.രാജീവ്,**
*ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്*
**ഡോ.ഡി.കെ.ബാബു,**
*ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്.*

## സർവ്വകലാശാലകൾ

കേരള **ഡോ.ജി.രവീന്ദ്രൻ**
*എസ്.എൻ.കോളജ്, വർക്കല*
**ഡോ.പി.സനൽകുമാർ**
*ദേവസ്വംബോർഡ് കോളജ്, ശാസ്താംകോട്ട*
**പ്രൊഫ.പി.മാത്യു,**
*ഇക്ബാൽ കോളജ്, പെരിങ്ങമ്മല*

എം.ജി. **പ്രൊഫ.വി.ജയിംസ്,**
*എസ്.ബി.കോളജ്, ചങ്ങനാശ്ശേരി*
**പ്രൊഫ.ജോർജ് സെബാസ്റ്റ്യൻ,**
*കെ. ഇ.കോളജ്, മാന്നാനം*
**പ്രൊഫ.വി.എൽ.ആന്റണി,**
*സി.എം.എസ്.കോളജ്, കോട്ടയം.*

കോഴിക്കോട് **പ്രൊഫ. എ.ശിവരാമൻ,**
*എൻ.എസ്.എസ്.കോളജ്, ഒററപ്പാലം*
**പ്രൊഫ.വി.രാജഗോപാലൻ,**
*മലബാർ ക്രിസ്ത്യൻ കോളജ്,കോഴിക്കോട്*
**പ്രൊഫ.കെ.ശശിധരൻ,**
*എസ്.എൻ.ജി.കോളജ്, ചേളന്നൂർ*

കണ്ണൂർ **പ്രൊഫ. എ.പി.കുട്ടികൃഷ്ണൻ,**
*എസ്.എസ്.കോളജ്, തളിപ്പറമ്പ്*
**പ്രൊഫ.കൃഷ്ണൻ വണ്ണാറത്ത്,**
*എസ്.ഇ.എസ്.കോളജ്, ശ്രീകണ്ഠപുരം.*
**പ്രൊഫ.സി.പത്മനാഭൻ,**
*പി.ആർ.എൻ.എസ്.എസ്.കോളജ്, മട്ടന്നൂർ*

### ക്ഷേമനിധി

സംസ്ഥാന ഭാരവാഹികളെ കൂടാതെ പ്രൊഫ.ജെ.വി.പണിക്കർ

### കെട്ടിടനിർമ്മാണ കമ്മിററി

പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, ഡോ.ജി. രവീന്ദ്രൻ, പ്രൊഫ. എം.ദിവാകരൻ നായർ, പ്രൊഫ.കെ. എൽ. വിവേകാനന്ദൻ, പ്രൊഫ. ആർ.മോഹനകുമാർ, പ്രൊഫ.സതീശ്ചന്ദ്രൻ പ്രൊഫ.ടി.എൻ.മനോഹരൻ, പ്രൊഫ.ജി.എസ്.സുരേഷ്

### ലീഗൽ സെൽ

**പ്രൊഫ.വി.സി. ആന്റണി,**
*സെന്റ് പോൾസ് കോളജ്, കളമശ്ശേരി (കൺവീനർ)*
**ഡോ.ഡി.രവീന്ദ്രൻ,**
*എസ്. എൻ.കോളജ്, വർക്കല*
**പ്രൊഫ.ബി.ശ്രീകുമാർ,**
*എൻ. എസ്.എസ്.കോളജ്, ചേർത്തല*
**പ്രൊഫ.കെ.എൻ.ജയിംസ്,**
*സെന്റ് ആൽബർട്സ് കോളജ്, എറണാകുളം.*
**പ്രൊഫ. എൻ.രാമചന്ദ്രൻ,**
*സെന്റ് ആൽബർട്സ് കോളജ്, എറണാകുളം.*
**ഡോ.വിജയകൃഷ്ണൻ,**
*എൻ.എസ്.എസ്.ഹിന്ദുകോളജ്, ചങ്ങനാശ്ശേരി*
**പ്രൊഫ.ജോർജ്ജോസഫ്,**
*എസ്. എച്ച്.കോളജ്, തേവര*

### സർവീസ് സെൽ

**പ്രൊഫ.പി.കെ.രാധാകൃഷ്ണപണിക്കർ,**
*ഡി.ബി.കോളജ്, പരുമല (കൺവീനർ)*
**പ്രൊഫ.പി.ഹരിദാസൻ,**
*എസ്. എൻ.കോളജ്, കൊല്ലം*
**പ്രൊഫ.കെ.സത്യനേശൻ,**
*ടി.കെ. എം. എം.കോളജ്, നങ്ങ്യാർകുളങ്ങര*
**പ്രൊഫ.കെ. എസ്.ജയചന്ദ്രൻ,**
*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
**പ്രൊഫ.കെ.കെ.ബാലചന്ദ്രൻ നായർ,**
*എൻ. എസ്. എസ്. കോളജ്, മഞ്ചേരി*
**പ്രൊഫ.ടി. എൻ.മനോഹരൻ,**
*എസ്. എൻ.കോളജ്, ചെമ്പഴന്തി.*

അക്കാദമിക് കമ്മിററി, സർവീസ് സെൽ എന്നിവയുടെ കൺവീനർമാരെ പ്രവർത്തക സമിതിയിലേക്ക് ആവശ്യാനുസരണം ക്ഷണിക്കാൻ തീരുമാനിച്ചു.

## ഐഫക്ടോ

2001 ജൂൺ 17ന് ഭുവനേശ്വറിൽ നടക്കുന്ന ഐഫക്ടോ എൻ.ഇ.സി. യുടെ യോഗത്തിൽ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ പങ്കെടുക്കുന്നതാണ്.

## ഇതര വിഷയങ്ങൾ

യുജിസി ഒമ്പതാം പദ്ധതിയുടെ കാലാവധി 2002 മാർച്ചിൽ അവസാനിക്കുന്നുവെങ്കിലും പലർക്കും സബ്സ്റ്റിറ്റ്യൂട്ടിന്റെയും മററും പ്രശ്നം കാരണം താമസിച്ചു മാത്രമേ പി.എച്ച്.ഡി.ക്കും എം.ഫിലിനും ചേരാൻ കഴിഞ്ഞിട്ടുള്ളൂ. 2002 മാർച്ചിന് അപ്പുറത്തേക്ക് കാലാവധി നീട്ടിക്കിട്ടാൻ ശ്രമിക്കണം. കൂടാതെ, ഗവേഷണ ബിരുദധാരികൾക്ക് Net/Slet ഒഴിവായിക്കിട്ടണം. ഇക്കാര്യങ്ങൾ ഐഫക്ടോ വഴി യുജിസിക്ക് നിവേദനം നൽകണം.

മഹാത്മാഗാന്ധി സർവകലാശാലയിൽ കോർപ്പറേററ് മാനേജ്മെന്റ് കോളജുകളിലെ സ്ഥലം മാററത്തിന് നിയമമുണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. നിയമാനുസരണമുള്ള സ്ഥലം മാററം നടക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കണം.

അഞ്ചാം യുജിസി ശമ്പള പരിഷ്ക്കരണത്തിനാവശ്യമായ റിഫ്രെഷർ കോഴ്സുകളുടെ എണ്ണം തികയ്ക്കാനുള്ള കാലാവധി നീട്ടിക്കിട്ടാൻ സർക്കാരിനെ സമീപിക്കണം.

*കോഴിക്കോട് സർവകലാശാലയിൽ അക്കാദമിക് കൗൺസിൽ ഇലക്ഷൻ നടക്കാൻ പോകുകയാണ്. സ്ഥാനാർത്ഥി നിർണ്ണയത്തിനായി ഓരോ കോളജിൽ നിന്നും മൂന്ന് പേരുകൾ ബയോഡേററാ സഹിതം മേഖലാ സെക്രട്ടറിയുടെ പേർക്ക് അയയ്ക്കുക. (വിലാസം: പ്രൊഫ.എ.ശിവരാമൻ, എൻ.എസ്.എസ്.കോളജ്, ഒററപ്പാലം, പാലക്കാട് ജില്ല)*

എ.പ്രതാപചന്ദ്രൻ നായർ
*ജനറൽ സെക്രട്ടറി.*

## സംസ്ഥാന സമ്മേളനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സംഘടനാ ഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് | **പ്രൊഫ. തോമസ് ജോസഫ്,** കെ.ഇ.കോളജ്. മാന്നാനം |
| വൈസ് പ്രസിഡന്റുമാർ | **പ്രൊഫ. എ. ബി. വിജയലക്ഷ്മി,** സെന്റ് സേവിയേഴ്സ് കോളജ്, ആലുവ |
| | **പ്രൊഫ. വി. രാജഗോപാലൻ,** മലബാർ ക്രിസ്ത്യൻ കോളജ്, കോഴിക്കോട് |
| ജനറൽ സെക്രട്ടറി | **പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ,** എം.ജി.കോളജ്, തിരുവനന്തപുരം |
| സെക്രട്ടറിമാർ | |
| കണ്ണൂർ യൂണിവേഴ്സിററി | **പ്രൊഫ. എ.പി. കുട്ടികൃഷ്ണൻ,** സർ സെയ്ദ് കോളജ്, തളിപ്പറമ്പ് |
| കാലിക്കട്ട് യൂണിവേഴ്സിററി | **പ്രൊഫ. എ. ശിവരാമൻ,** എൻ.എസ്.എസ്.കോളജ്, ഒററപ്പാലം |
| എം.ജി.യൂണിവേഴ്സിററി | **പ്രൊഫ. വി. സി. ആന്റണി,** സെന്റ് പോൾസ് കോളജ്, കളമശ്ശേരി |
| കേരളാ യൂണിവേഴ്സിററി | **പ്രൊഫ. കെ. വിജയധരൻ,** എസ്.എൻ.കോളജ്, കൊല്ലം |
| ട്രഷറർ | **പ്രൊഫ. കെ. ശശിധരൻ,** എസ്.എൻ.ജി.കോളജ്, ചേളന്നൂർ |
| സംസ്ഥാന കമ്മിററി അംഗങ്ങൾ | |
| കണ്ണൂർ യൂണിവേഴ്സിററി | **ഡോ. കെ. എച്ച്. സുബ്രഹ്മണ്യൻ,** പയ്യന്നൂർ കോളജ്, പയ്യന്നൂർ |
| കാലിക്കട്ട് യൂണിവേഴ്സിററി | **പ്രൊഫ. സി. ററി. ഫ്രാൻസിസ്,** സെന്റ് ജോസഫ്സ് കോളജ്, ദേവഗിരി |
| | **പ്രൊഫ. കെ. വാസുദേവൻ പിള്ള,** എൻ.എസ്.എസ്. കോളജ്, നെന്മാറ |
| | **പ്രൊഫ. കെ. എസ്. പവിത്രൻ,** എസ്.എൻ.കോളജ്, നാട്ടിക |
| | **പ്രൊഫ. എം. വിൽസൺ,** സെന്റ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി |
| എം.ജി.യൂണിവേഴ്സിററി | **പ്രൊഫ. വി. പി. ശിവശങ്കരൻ നായർ,** ശ്രീ ശങ്കരാ കോളജ്, കാലടി. |
| | **പ്രൊഫ. വി. പി. ശിവശങ്കരപിള്ള,** ഡി.ബി.കോളജ്, തലയോലപ്പറമ്പ് |
| | **ഡോ. വർഗീസ് ജോർജ്ജ്,** മാർത്തോമ കോളജ്, തിരുവല്ല |
| | **ജോസഫ് ജസ്റ്റിൻ,** സെന്റ് ജോസഫ്സ് കോളജ്, മൂലമററം |
| കേരളാ യൂണിവേഴ്സിററി | **പ്രൊഫ. ജോൺ സക്കറിയ,** സെന്റ് സ്റ്റീഫൻസ് കോളജ്, പത്തനാപുരം. |
| | **പ്രൊഫ. ടി. എൻ. മനോഹരൻ,** എസ്.എൻ.കോളജ്, ചെമ്പഴന്തി |
| | **പ്രൊഫ. ജോണി. കെ. ജോൺ,** മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം |
